# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 251 28/05/2019-ൽ മറുപടിക്ക്

## ജൻ ഔഷധി കേന്ദ്രങ്ങൾ

**ചോദ്യം**

**ശ്രീ.പി.ടി. തോമസ്**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി)

**എ)** കേരളത്തിൽ എത്ര ജൻ ഔഷധി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

**എ)** സംസ്ഥാനത്തൊട്ടാകെ 449 ജൻ ഔഷധി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | ജൻ ഔഷധി കേന്ദ്രങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 56 |
| കൊല്ലം | 35 |
| പത്തനംതിട്ട | 22 |
| കോട്ടയം | 37 |
| ഇടുക്കി | 14 |
| ആലപ്പുഴ | 28 |
| എറണാകുളം | 54 |
| പാലക്കാട് | 36 |
| തൃശ്ശൂർ | 79 |
| കോഴിക്കോട് | 30 |
| വയനാട് | 8 |
| കണ്ണൂർ | 15 |
| മലപ്പുറം | 28 |
| കാസറഗോഡ് | 07 |
| **ആകെ** | 449 |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ സർക്കാരിന് എന്തെല്ലാം നിയന്ത്രണമാണുള്ളതെന്ന് വിശദമാക്കാമോ ; | ബി) | രാജ്യത്ത് മരുന്നുൽപ്പാദനവും വിതരണവും, വിൽപനയും നിയന്ത്രിക്കുന്നത് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940 – ഉം അതിന് കീഴിലുള്ള ചട്ടങ്ങളും പ്രകാരമാണ്. ടി നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചാണ് ഇത്തരത്തിലുള്ള എല്ലാ സർക്കാർ/ അർധസർക്കാർ/ സ്വകാര്യ മരുന്ന് വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിപ്പിക്കുന്നത്. ടി വ്യവസ്ഥകൾ തന്നെയാണ് ജൻ ഔഷധി കേന്ദ്രങ്ങൾക്കും ബാധകമായിട്ടുള്ളത്. |
| സി) | ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദവിവരവും സ്വീകരിച്ച നടപടിയും വെളിപ്പെടുത്തുമോ ; | സി) | ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ജൻ ഔഷധി കേന്ദ്രങ്ങളെ സംബന്ധിച്ച് 9 പരാതികളാണ് ലഭ്യമായിട്ടുള്ളത്. ലഭ്യമായ പരാതികളിൽ 7 എണ്ണം ജൻ ഔഷധി കേന്ദ്രങ്ങൾ നിന്ന് രോഗികൾക്ക് മരുന്നുകൾ ലഭ്യമാകുന്നില്ലായെന്നുള്ളതാണ്. മരുന്ന് ദൗർലഭ്യമായെന്നത് നിയമലംഘനമല്ല. ഇത്തരത്തിലുള്ള ഔഷധ വ്യാപാരസ്ഥാപനങ്ങൾക്ക് മരുന്ന് സപ്ലൈ ചെയ്യുന്നത് മറ്റ് മരുന്ന് വ്യാപാരികൾക്ക് മരുന്ന് ലഭ്യമാക്കുന്ന സപ്ലൈ ചെയിൻ വഴിയല്ല. ഇവയുടെ നിയന്ത്രണം കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന Bureau of Pharma Public Sector Undertaking of India, എന്ന സ്ഥാപനമാണ്. മരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് പരാതി ടി സ്ഥാപനത്തിന് നടപടികൾക്കായി അയച്ച് നൽകിയിട്ടുണ്ട്. വകുപ്പിന് മറ്റൊരു പരാതി ലഭ്യമായിട്ടുള്ളത് ടി സ്ഥാപനത്തിൽ നിന്ന് വിൽപന നടത്തിയ KENQUICK 1000 (Metformin അടങ്ങിയ പ്രമേഹ ഗുളിക) എന്ന മരുന്നിന് ഗുണനിലവാരമില്ലായെന്നുള്ളതാണ്.<br>പരാതിയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത മരുന്ന് ഗുണനിലവാര പരിശോധനയ്ക്ക് അയക്കുകയും, ഗുണനിലവാരമുള്ളതായി ഗവൺമെന്റ് അനലിസ്റ്റ് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി സ്ഥാപനത്തെ സംബന്ധിച്ച് ലഭ്യമായ മറ്റൊരു പരാതിയുടെ അടിസ്ഥാനത്തിൽ നിയമനടപടി സ്വീകരിച്ചിട്ടുണ്ട് |
| ഡി) | പ്രസ്തുത കേന്ദ്രങ്ങളുടെ മാതൃകയിൽ ജനറിക് ഔഷധങ്ങൾ വിൽക്കുന്നതിന് കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ? | ഡി) | ബ്രാൻഡഡ് മരുന്നുകൾക്കൊപ്പം ജനറിക് മരുന്നുകളുടെ സംഭരണവും വിതരണവും വിൽപ്പനയും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ 5 മെഡിക്കൽ |

കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും പ്രവർത്തിച്ചുവരുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ കേരള ജനറിക്സ് എന്ന പേരിൽ പ്രത്യേക കൗണ്ടറുകൾ സജ്ജീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**